ലേഖനം

എ. ആർ


# തീവ്രവാദിവേട്ടയിലെ നേരും നുണയും

> **യുദ്ധത്തിലെ പ്രഥമ രക്തസാക്ഷി സത്യമാണെന്നത് പഴമൊഴി. തീവ്രവാദ വിരുദ്ധ യുദ്ധത്തിലും സ്ഥിതി മറിച്ചല്ല. അസത്യങ്ങളും അർധസത്യങ്ങളും അതിശയോക്തിയും അഭ്യൂഹങ്ങളും സമൃദ്ധമായി കലർത്തി പുറത്തുവരുന്ന വാർത്തകളും വിശകലനങ്ങളും വസ്തുനിഷ്ഠമായ നിഗമനത്തിലെത്താൻ സഹായകമാവുന്നേയില്ല. വഴിതെറ്റിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരും ഇന്റലിജൻസുംതന്നെ.**

**കശ്മീരിൽ** സുരക്ഷാസേന വെടിവെച്ചുകൊന്നവരിൽ നാല് മലയാളികളുണ്ടെന്ന് സംസ്ഥാന പോലീസ് തിരിച്ചറിഞ്ഞതോടെ, സംസ്ഥാനം ഭീകരപ്രസ്ഥാനങ്ങളുടെ താവളമാകുന്നു, തീവ്രവാദികളുടെ പറുദീസയാകുന്നു, ലശ്കറെ ത്വയ്യിബയുടെ റിക്രൂട്ടിംഗ് കേന്ദ്രമാകുന്നു തുടങ്ങിയ മുറവിളികളാൽ മുഖരിതമാണ് അന്തരീക്ഷം. സംഘ്പരിവാറിന് തങ്ങൾ മുമ്പേ പറഞ്ഞുപോന്ന 'കേരളം കശ്മീരാകുന്നു'എന്ന മുന്നറിയിപ്പിന്റെ സ്ഥിരീകരണമായി. യു.ഡി.എഫ് പ്രതിപക്ഷത്തിന് ഇടതുമുന്നണി സർക്കാറിൽ കൃത്യവിലോപവും അലംഭാവവും തീവ്രവാദി പ്രീണനവും ആരോപിക്കാൻ മൂർച്ചയേറിയ ആയുധമായി. മുഖ്യഭരണകക്ഷിയായ സി.പി.എം കണ്ണൂർ ജില്ലയിൽ എൻ.ഡി.എഫിനോട് കണക്ക് തീർക്കാൻ കിട്ടിയ അസുലഭാവസരമായി സംഭവത്തെ കാണുന്നു. മുസ്‌ലിം ലീഗിന്, ബാബരി മസ്ജിദ് ധ്വംസനം മുതൽ തങ്ങൾ പുലർത്തിപ്പോന്ന സംയമന ശൈലിയുടെ പത്തരമാറ്റ് തിളക്കം പുനരവതരിപ്പിക്കാനുള്ള ചരിത്ര മുഹൂർത്തമാണ് മറ്റു സംഘടനകളാൽ വഴിപിഴപ്പിക്കപ്പെട്ട മുസ്‌ലിം തീവ്രവാദികളുടെ കശ്മീർ ബാന്ധവം. മാധ്യമങ്ങൾക്കാവട്ടെ, ഇരുപത്തിനാല് മണിക്കൂറും ആഘോഷിക്കാൻ ഇതിലും മെച്ചപ്പെട്ട ഒരു വലിയ പെരുന്നാൾ ഇനി വരാനില്ല.

പിന്നെ ആർക്കാണിതുകൊണ്ട് നഷ്ടം? തീവ്രവാദ ബന്ധം ആരോപിക്കപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്ത് മൂന്നാംമുറ പ്രയോഗിക്കുന്ന യുവാക്കൾക്കും അവരുടെ കുടുംബങ്ങൾക്കും, സംശയത്തിന്റെ കരിനിഴലിൽ കഴിയേണ്ടിവരുന്ന കൂട്ടായ്മകൾക്കും. ഈ കൂട്ടായ്മകളിൽ ത്വരീഖത്തുകൾ കൂടി ഉൾപ്പെടുന്നു എന്നതാണ് ഇത്തവണത്തെ പ്രത്യേകത. രാഷ്ട്രീയത്തിന്റെ നാലയലത്തുപോലും വഴിനടക്കാത്തവരും മുഖ്യധാരാ സംഘടനകൾ തള്ളിപ്പറഞ്ഞവരുമായ ത്വരീഖത്തുകളും അവയുടെ ഗുരുക്കന്മാരുമാണ് വിയർക്കുന്നത്. കശ്മീർ ഭീകര സംഘടനകൾക്കു വേണ്ടി ക്വട്ടേഷൻ സംഘങ്ങൾ റിക്രൂട്ട് ചെയ്യുന്നവരെ മതംമാറ്റിക്കൊടുക്കുന്ന ഏർപ്പാടാണത്രെ ത്വരീഖത്ത് ദിവ്യന്മാർക്ക്. ഇന്ത്യൻ നാഷ്നൽ കോൺഗ്രസിലെ ഗ്രൂപ്പ് യുദ്ധം മൂർഛിച്ച കാലത്ത് അതിൽ ചിലരുടെ വാടകഗുണ്ടാതലവനായി പേരെടുത്ത തമ്മനം ഷാജിയാണിപ്പോൾ താരം. ഷാജിയും അയാൾക്ക് ബന്ധമുള്ള ഒരു ട്രാവൽ ഏജന്റും ചേർന്ന് നൂറുക്കണക്കിൽ ക്രിമിനലുകളെയാണുപോൽ വെണ്ണക്കോട്ടെ ആലുംതറ ത്വരീഖത്ത് കേന്ദ്രം വഴി മതംമാറ്റി കശ്മീരിലെത്തിച്ചിരിക്കുന്നത്.

യുദ്ധത്തിലെ പ്രഥമ രക്തസാക്ഷി സത്യമാണെന്നത് പഴമൊഴി. തീവ്രവാദ വിരുദ്ധ യുദ്ധത്തിലും സ്ഥിതി മറിച്ചല്ല. അസത്യങ്ങളും അർധസത്യങ്ങളും അതി



ശയോക്തിയും അഭ്യൂഹങ്ങളും സമൃദ്ധമായി കലർത്തി പുറത്തുവരുന്ന വാർത്തകളും വിശകലനങ്ങളും വസ്തുനിഷ്ഠമായ നിഗമനത്തിലെത്താൻ സഹായകമാവുന്നേയില്ല. വഴിതെറ്റിക്കുന്നതിൽ ഒന്നാം സ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരും ഇന്റലിജൻസുംതന്നെ. സംഭവങ്ങളുടെ നിജസ്ഥിതി കണ്ടെത്താനും പ്രതികളെ പിടികൂടാനും നിയമപാലകർക്ക് സംശയമുള്ളവരെ കസ്റ്റഡിയിലെടുക്കേണ്ടിയും ചോദ്യം ചെയ്യേണ്ടിയും വരും; സംശയങ്ങൾ ബലപ്പെട്ടാൽ കൂടുതൽ കർക്കശമായ മാർഗങ്ങളും അവലംബിക്കേണ്ടിവരാം. എന്നാൽ ഈ പ്രക്രിയയിലൊരിക്കലും ഉത്തരവാദപ്പെട്ടവരുടെ മുൻവിധിയോ പക്ഷപാതിത്വമോ വർഗീയ മനസ്സോ പ്രവർത്തിച്ചുകൂട; പണത്തിനും പദവിക്കും വേണ്ടി അധികാരദുർവിനിയോഗവും നടന്നുകൂട. അതിലുപരി, സംശയങ്ങളുടെയും ഊഹങ്ങളുടെയും മാത്രം പശ്ചാത്തലത്തിൽ സ്വാഭിപ്രായങ്ങളെ യാഥാർഥ്യങ്ങളാക്കി മാധ്യമങ്ങൾക്ക് നൽകുന്നത് ഒരേയവസരത്തിൽ മൂന്ന് അപകടങ്ങളാണ് വരുത്തിവെക്കുക. ഒന്ന്, നിരപരാധികൾ പീഡിപ്പിക്കപ്പെടുന്നു. രണ്ട്, യഥാർഥ കുറ്റവാളികൾ രക്ഷപ്പെടുന്നു. മൂന്ന്, മൗലിക കാരണങ്ങൾ നിലനിൽക്കുന്നതിനാൽ സംഭവങ്ങൾ ആവർത്തിക്കുന്നു. ഇന്ത്യയിലും കേരളത്തിലും ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് നിർഭാഗ്യവശാൽ അതാണ്. ഭരണഘടനാപരമായും നിയമപരമായും സമാധാനപരമായും പ്രവർത്തിക്കുന്ന സമുദായ സംഘടനകളെ അകാരണമായി പ്രതിക്കൂട്ടിൽ നിർത്തുകയും ഫാഷിസത്തിന് മേൽക്കൈ നേടാൻ അവസരമൊരുക്കുകയുമാണ്. സമാധാനത്തിലൂന്നുന്ന പ്രസ്ഥാനങ്ങളെ തളർത്തുകയും തകർക്കുകയും ചെയ്താൽ ശക്തിപ്പെടുക പ്രതികാരബുദ്ധിയും തീവ്രവാദവുമാണെന്ന് മനസ്സിലാക്കാൻ അതിബുദ്ധിവേണ്ട.

കണ്ണൂരിൽനിന്ന് കശ്മീരിലെത്തി തോക്കിനിരയായ ഫായിസിനെ കുറിച്ച് പോലീസ് അന്വേഷിച്ചപ്പോൾ അയാളുടെ കുടുംബം പറഞ്ഞത്, ഖുർആൻ പഠനത്തിനാണെന്ന് പറഞ്ഞാണ് ഫൈസൽ അവനെ കൂട്ടിക്കൊണ്ടുപോയതെന്നാണ്. ഇത് ശരിയാണെങ്കിൽ കുടുംബം തെറ്റിദ്ധരിപ്പിക്കപ്പെട്ടതാണെന്ന് തീർച്ച. ഫായിസ് ഖുർആൻ പഠനകേന്ദ്രത്തിലെത്തുകയോ പഠിക്കുകയോ അല്ല, തീവ്രവാദികളുടെ കൈകളിലകപ്പെടുകയാണുണ്ടായതെന്ന് കരുതണം. വളരെ ദുർബലമായ ഈ ബിന്ദുവിൽ കയറിപ്പിടിച്ചാണ് സംസ്ഥാന മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ മതപഠനകേന്ദ്രങ്ങൾ ഒറ്റുകാരെ വാർത്തെടുക്കുന്നു എന്ന് തട്ടിവിട്ടിരിക്കുന്നത്. എങ്കിൽ മതപാഠശാലകൾ അടച്ചുപൂട്ടണമെന്ന് പ്രതികരിക്കാൻ ബി.ജെ.പിയുടെ യുവമോർച്ചക്ക് ആരോടും ചോദിക്കേണ്ടതില്ലല്ലോ. പശ്ചിമബംഗാളിലെ സി.പി.എം സർക്കാർ മദ്റസകൾക്ക് ധനസഹായം ചെയ്യുമ്പോഴാണ് മതപഠനത്തെക്കുറിച്ചുള്ള കേരള മുഖ്യമന്ത്രിയുടെ അപകടകരമായ നിരീക്ഷണം.

കേരളം ഭീകര പ്രസ്ഥാനങ്ങളുടെ ആസ്ഥാനമായി മാറി എന്ന് കണ്ടെത്തിയ പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടിയുടെ ടാർഗറ്റ് ഇടതുസർക്കാറാണെന്നത് കേവല രാഷ്ട്രീയം. എന്നാൽ, ഇടതുമുന്നണിയും തെരഞ്ഞെടുപ്പിൽ ഭീകരപ്രസ്ഥാനങ്ങളുടെ വോട്ട് വാങ്ങിയതാണ് ഈ സ്ഥിതി വരാൻ കാരണമെന്ന് അദ്ദേഹം ആരോപിക്കുമ്പോൾ ചില വിശദീകരണങ്ങൾ അനിവാര്യമായിത്തീരുന്നു. ഏതാണ് ഭീകരപ്രസ്ഥാനങ്ങൾ? ഇടതുമുന്നണിയുമായി സഖ്യം ചെയ്തത് ഐ.എൻ.എൽ ആയിരുന്നു; ഒപ്പം നിന്നത് പി.ഡി.പിയും. ജമാഅത്തെ ഇസ്‌ലാമി പിന്തുണ പ്രഖ്യാപിച്ചു; സുന്നി എ.പി വിഭാഗം വോട്ട് കൊടുക്കുകയും ചെയ്തു. ഇവരിലേതാണ് ഭീകര പ്രസ്ഥാനം? ഇവരിൽ ആരുടെ പിന്തുണയാണ് പോയകാലത്ത് കോൺഗ്രസ് പരസ്യമായോ രഹസ്യമായോ നേടാതിരുന്നത്? നാലര കൊല്ലക്കാലം ഇടതുമുന്നണി മൻമോഹൻ സിംഗിനെ താങ്ങിനിർത്തിയപ്പോൾ കേരളത്തിൽ ഭീകരത വളർന്നുവെങ്കിൽ ഉത്തരവാദിത്വത്തിൽനിന്ന് കോൺഗ്രസ്സിനും കേന്ദ്ര സർക്കാറിനും കൈകഴുകാനാവുമോ? പിറന്ന സമുദായത്തോടും മതത്തോടും സകല ബന്ധങ്ങളും വിഛേദിച്ച് ശരീഅത്തിനോട് യുദ്ധം പ്രഖ്യാപിച്ചുനടന്ന ആര്യാടൻ മുഹമ്മദിന് എന്തും പറയാം. അങ്ങനെ തന്നെയാണോ രമേശ് ചെന്നിത്തലയും ഉമ്മൻ ചാണ്ടിയും? ബട്‌ല ഹൗസിലെ ഏറ്റുമുട്ടൽ കൊലയെക്കുറിച്ച് തീർത്തും ന്യായമായ കാരണങ്ങളാൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട ജമാഅത്തെ ഇസ്‌ലാമിയോടാണ് ആര്യാടന് അമർഷം. ആര്യാടനേക്കാൾ സെക്യുലറായ, അമുസ്‌ലിം സ്ത്രീയെ ഭാര്യയാക്കിയ, കോൺഗ്രസ്സിന്റെ ദേശീയ നേതാവ് സൽമാൻ ഖുർഷിദ് അന്വേഷണം ആവശ്യപ്പെട്ടതോ? അദ്ദേഹവും ജമാഅത്തെ ഇസ്‌ലാമിയിൽ ചേർന്നുവോ? എങ്കിൽ ആര്യാടൻ മാത്രം പുറത്ത് നിന്നിട്ടെന്തു കാര്യം! മാലേഗാവിലെ സ്ഫോടനങ്ങൾക്ക് പിന്നിൽ സംഘ്പരിവാർ ഭീകരരാണെന്ന് അത് നടന്നപ്പോഴേ ജമാഅത്തെ ഇസ്‌ലാമിയും മറ്റു മുസ്‌ലിം സംഘടനകളും നിഷ്പക്ഷമതികളും കടുത്ത സംശയം പ്രകടിപ്പിച്ചിരുന്നതാണ്. അന്ന് അതേപറ്റി അന്വേഷിക്കാൻ മഹാരാഷ്ട്രയിലെ കോൺഗ്രസ് -എൻ.സി.പി സർക്കാർ തയാറായില്ല. മാറിയ പരിതസ്ഥിതിയിൽ തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് മഹാരാഷ്ട്ര പോലീസ് അന്വേഷണത്തിന് തയാറായപ്പോൾ ഹിന്ദുത്വ ഭീകരരുടെ കറുത്ത കരങ്ങളാണ് പിന്നിലെന്ന് അനാവരണം ചെയ്തിരിക്കുകയാണ്. ഇതേപറ്റി ആര്യാടൻ പ്രഭൃതികൾക്കെന്ത് പറയാനുണ്ട്? അന്വേഷിച്ചാൽ ബട്‌ല ഹൗസ് ഏറ്റുമുട്ടലിന്റെ നിജസ്ഥിതിയും പുറത്ത് വരും. അതുകൊണ്ടുതന്നെയാണ് അന്വേഷണത്തെ ഭയക്കുന്നതും.

മറ്റു സമുദായങ്ങളെപ്പോലെ മുസ്‌ലിംകളിലും ക്രിമിനലുകളും ഗുണ്ടകളും തീവ്രവാദികളും ഇന്റലിജൻസിന്റെ ഉപകരണങ്ങളും ഒറ്റുകാരുമെല്ലാമുണ്ടാവും. അവരുമായുള്ള രാഷ്ട്രീയക്കാരുടെയും അധികാരികളുടെയും പോലീസിന്റെയും അവിഹിതബന്ധം കുറ്റവാളികളെ പിടികൂടാൻ തടസ്സമാവുന്നുമുണ്ടാവും. അതുപോലെ ത്വരീഖത്തുകളുടെ പേരിൽ വ്യാജ സിദ്ധന്മാരും ദിവ്യന്മാരും വിലസുന്നുണ്ടെന്നും പല സംഘടനാനേതാക്കളും ഉദ്യോഗസ്ഥ പ്രമുഖരും ഇവരുടെ പതിവുകാരാണെന്നും നാട്ടിലൊക്കെ പാട്ടാണ്. ഇത്തരം അധോലോക കേന്ദ്രങ്ങളിലൂടെ തീവ്രവാദികളും ഭീകരവാദികളും നുഴഞ്ഞുകയറി ലക്ഷ്യം നേടാം. സ്വതന്ത്രമായും നിഷ്പക്ഷമായും നിയമവാഴ്ച ഉറപ്പാക്കിയാലേ അപകടം തടയാനാവൂ. അതിന് മെനക്കെടാതെ, ക്രിമിനലിസത്തിനും അന്ധവിശ്വാസപരമായ ചൂഷണങ്ങൾക്കും സിദ്ധന്മാർക്കുമെതിരെ ആശയസമരത്തിലേർപ്പെട്ട ഇസ്‌ലാമിക ധാർമിക പ്രസ്ഥാനത്തെ മതരാഷ്ട്രവാദവും പൊളിറ്റിക്കൽ ഇസ്‌ലാമും ആരോപിച്ച് സ്വഭാവഹത്യ നടത്താനാണ് ചില രാഷ്ട്രീയക്കാരും സ്യൂഡോ മതേതരവാദികളും മീഡിയയും മെനക്കെട്ടത്. ഇപ്പോഴോ? സംശയിക്കപ്പെടുകയെങ്കിലും ചെയ്യുന്നവരിൽ ഇസ്‌ലാമിക പ്രസ്ഥാന പ്രവർത്തകരുണ്ടോ? മൂല്യാധിഷ്ഠിത രാഷ്ട്രീയവും ധർമാധിഷ്ഠിത ജീവിതവും ഉദ്ഘോഷിക്കുകയും ജീവിതത്തിൽ നടപ്പാക്കുകയും ചെയ്യുന്നവരല്ല രാജ്യത്തിന്റെ ശത്രുക്കൾ. രണ്ടും കളഞ്ഞുകുളിച്ച അവസരവാദികളും അധികാരക്കൊതിയരുമാണ്. കേരളവും രാജ്യവും രക്ഷപ്പെടണമെങ്കിൽ ഇവരെ ചെറുത്തു തോൽപിച്ചേ പറ്റൂ. ■